# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കലഞ്ഞൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ.പി 10-755/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/12/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കലഞ്ഞൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ.പി 10-755/2021 തീയ്യതി: 20/12/2021

## പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-07-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 18-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദീപ എസ്സ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷൈജു.വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് കുമാർ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡിമിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 17-12-2020 |
| ശ്രീമതി പുഷ്പവല്ലി. റ്റി | പ്രസിഡന്റ് | 18-12-2020 | 31-03-2021 |
| ശ്രീ സജീഷ് സി.എസ്സ് | സെക്രട്ടറി | 01-04-2020 | 24-02-2021 |
| ശ്രീമതി അജിത കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-02-2021 | 07-03-2021 |
| ശ്രീ മൈക്കിൾ സി | സെക്രട്ടറി | 08-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ദിവ്യ മോഹൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. മിനി എം.ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. ലീല എസ്സ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി ആലിയ ഫർസാന | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ ആനി ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 30-04-2020 |
| ശ്രീമതി ഷീജ എ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-05-2020 | 31-03-2021 |
| ശ്രീ ഗണേഷ് എസ്സ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ രാജീവ് ആർ | അസിസ്റ്റന്റ് എൻജിനിയർ | 01-04-2020 | 30-06-2020 |
| ശ്രീമതി ജയ | അസിസ്റ്റന്റ് എൻജിനിയർ | 01-07-2020 | 12-07-2020 |
| ശ്രീമതി സുനിമോൾ | അസിസ്റ്റന്റ് എൻജിനിയർ | 13-07-2020 | 07-08-2020 |
| ശ്രീമതി ലതിക ബി.ജി | അസിസ്റ്റന്റ് എൻജിനിയർ | 08-08-2020 | 31-03-2021 |
| ശ്രീ സുരേഷ് കുമാർ ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അജിത.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.തോമസ് മത്തായി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സജി പി വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ഷെമ്പക നാരായണം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: Shyju Y (Senior Grade Auditor, On 01-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 09-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 06-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 09-12-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: Joe M James (Computer Assistant, On 09-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 06-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: C. Anilkumar (Audit Officer, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 06-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 06-12-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: Shyju Y (Senior Grade Auditor, On 30-10-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shyju Y (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-10 |
| 12 | വാടക ഈടാക്കിയതിൽ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-11 |
| 13 | ലേല തുകയ്ക്ക് ജി.എസ്.ടി ഈടാക്കിയില്ല<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-12 |
| 14 | നിക്ഷേപ തുക വിട്ടുതൽ ചെയ്യുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-13 |
| 15 | ചട്ടവിരുദ്ധമായി കെട്ടിടത്തിന് നികുതി നിർണ്ണയിച്ചു; പഞ്ചായത്തിനു വരുമാന നഷ്ടം<br>Written By: P Anilkumar (Senior Grade Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-14 |
| 16 | ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-15 |
| 17 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല<br>Written By: P Anilkumar (Senior Grade Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-16 |

| | | |
|---|---|---|
| 18 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-17 |
| 19 | ഫൈൻ ഈടാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-18 |
| 20 | അംഗീകരിച്ച പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-19 |
| 21 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല<br>Written By: Shyju Y (Senior Grade Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-20 |
| 22 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-21 |
| 23 | ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കിയില്ല<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-22 |
| 24 | ഹൈമാസ്റ്റ് ലൈറ്റിന് എ.എം.സി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-23 |
| 25 | വാഹനത്തിന്റെ ഉപയോഗം- അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-24 |
| 26 | ഉന്നതപഠനം നടത്തുന്ന SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - അധികം തുക ചെലവഴിച്ചു<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-25 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി- സബ്സിഡി ഇനത്തിൽ അധികം തുക ചെലവഴിച്ചു<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-26 |
| 28 | വനിതാ ക്ഷീരകർഷകർക്ക് സഹായം- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-27 |
| 29 | പാലിയേറ്റീവ് കെയർപദ്ധതി- മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-28 |
| 30 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-29 |
| 31 | സർക്കാർ പ്രൈമറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-30 |
| 32 | അഗതിരഹിതകേരളം- ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-31 |
| 33 | പി.എച്ച്.സി കെട്ടിട നിർമ്മാണം-3 വർഷത്തിന് ശേഷവും പൂർത്തീകരിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-32 |
| 34 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കാലി ബാരൽ വിലയും ജി.എസ്.ടിയും | 1-33 |

| | | |
|---|---|---|
| | ഈടാക്കി<br>Written By: Veena C (Asst. Audit Officer, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | |
| 35 | പൊതുമരാമത്ത് പ്രവ്യത്തികൾ - അവലോകനം<br>Written By: Veena C (Asst. Audit Officer, On 04-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവ്യത്തികൾ<br>Written By: Shyju Y (Senior Grade Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: Veena C (Asst. Audit Officer, On 22-10-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 06-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: Joe M James (Computer Assistant, On 06-12-2021) | 4-6 |
| 7 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: Veena C (Asst. Audit Officer, On 22-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 19-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 19-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-12-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 04-3-2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 15-2-2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I 6- ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

2) ഷെഡ്യൂൾ B4- ICDS ഇനത്തിൽ കാണിച്ചിരിക്കുന്ന തുകയിൽ മുൻബാക്കിയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ തൻവർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത ബോധ്യപ്പെടാനായില്ല.

3) ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 320200301) മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ടി ഇനത്തിന് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല. പ്രസ്തുത ഹെഡ്ഡിൽ അവശേഷിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ശരിയായ ഹെഡിൽ ചെലവ് കാണിക്കാത്തത് മൂലം ടി ഹെഡിൽ തെറ്റായി ഉൾപ്പെട്ട തുകയാണെങ്കിൽ ആയത് പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതാണ്.

4) ഷെഡ്യൂൾ B4- Flood Relief Grant ഇനത്തിൽ 75000രൂപ ടി ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്നു. മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ടി ഇനത്തിന് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല. ശരിയായ ഹെഡിൽ ചെലവ് കാണിക്കാത്തത് മൂലം ടി ഹെഡിൽ തെറ്റായി ഉൾപ്പെട്ട തുകയാണെങ്കിൽ ആയത് പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതാണ്.

5) ഷെഡ്യൂൾ B4- Grant For Solid Waste Management ഇനത്തിൽ 123670 രൂപ ടി ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്നു. മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ടി ഇനത്തിന് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല. ശരിയായ ഹെഡിൽ ചെലവ് കാണിക്കാത്തത് മൂലം ടി ഹെഡിൽ തെറ്റായി ഉൾപ്പെട്ട തുകയാണെങ്കിൽ ആയത് പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതാണ്.

6) ഷെഡ്യൂൾ B4- Grant From Suchitwa Mission ഇനത്തിൽ (Code No- 320200322) 5150817 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. മുൻ വർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ തൻവർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത ബോധ്യപ്പെടാനായില്ല.

7) ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനത്തിൽ (Code No- 320700104.205) മുൻബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ലായിരുന്നു. ആയതിനാൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ല. മുൻവർഷങ്ങളിലെ ടി ഇനത്തിലെ ലെഡ്ജറുകൾ പരിശോധിച്ച് Joint Venture ഹെഡ്ഡിലെ അപാകത പരിഹരിക്കേണ്ടതാണ്. ഇപ്രകാരം അപാകതകൾ നിലനിൽക്കുന്നതിനാൽ നീക്കിബാക്കി തുക ജോയിന്റ് വെഞ്ചർ ട്രഷറി അക്കൗണ്ടിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8) ഷെഡ്യൂൾ B4- Contributions For Specific Purpose ഇനത്തിൽ (Code No- 320700304) 700000 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. തൻ വർഷം അംഗൻവാടി കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിൽ പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചുവെങ്കിലും ആയത് ടി ഹെഡ്ഡിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

9) ഷെഡ്യൂൾ B4- Contributions For Specific Purpose ഇനത്തിൽ (Code No- 320800199)- 241610 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. മുൻ വർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ തൻവർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത അംഗീകരിക്കാനാവില്ല.

10)ഷെഡ്യൂൾ B-9: Employees Liabilities (Pension Contribution) ഇനത്തിൽ 17941 രൂപ അധിക ബാധ്യതയായി കാണിച്ചിരിക്കുന്നു.

11)ഷെഡ്യൂൾ B-9:- Governmet And Other Dues Payable- Royalty (Code No- 350300104) ഇനത്തിൽ 10000രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. മുൻവർഷത്തിലും ടി തുക ബാധ്യതയായി കാണിച്ചിരുന്നു. ആയതിന്റെ കൃത്യത പരിശോധിച്ച് ബാധ്യത ഒഴിവാക്കിയിട്ടില്ല.

12)ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

13)ഷെഡ്യൂൾ B-11:- Roads – Metal ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം പ്രസ്തുത ഇനത്തിൽ പ്രവൃത്തി നടന്നുവെങ്കിലും ആയത് ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയില്ല.

14)ഷെഡ്യൂൾ B-11:- Elecricty- Line Extension ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം പ്രസ്തുത ഇനത്തിൽ പ്രവൃത്തി നടന്നുവെങ്കിലും ആയത് ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയില്ല.

15)ഷെഡ്യൂൾ B-12:- ഗ്രാമപഞ്ചായത്തിന് രണ്ട് സ്ഥിരനിക്ഷേപങ്ങൾ ഉണ്ടെങ്കിലും ആയതിന്റെ നീക്കിബാക്കി ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

16) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

17) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB, Advance To Others ഇനത്തിൽ വൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യമാക്കേണ്ടതാണ്.

18) ഷെഡ്യൂൾ B-18:- Festival Advance ഇനത്തിൽ 6000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

19) ഷെഡ്യൂൾ I-3:- വാടക ഇനത്തിൽ ഡിമാന്റായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലേല ഇനത്തിലുള്ള ഡിമാന്റ് തുകയും ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

20) ഷെഡ്യൂൾ I-14 (A):- NREGA ചെലവ് തുക- ഷെഡ്യൂൾ I-6 -ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

21) ഷെഡ്യൂൾ RP-1: Profession Tax- Employees- കളക്ഷൻ തുക, ഡിമാന്റ് തുകയിൽ നിന്നും 23500 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. നീക്കി ബാക്കി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.

22) ഷെഡ്യൂൾ RP-7:- വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ചെലവ് തുകകൾ സുലേഖയിലെ ചെലവുകളുമായോ ഗ്രാന്റ് ഷെഡ്യൂളിലെ ചെലവുകളുമായോ പൊരുത്തപ്പെടുന്നില്ല. (വിശദാംശങ്ങൾ ഖ 1-4-1 ആയി സൂചിപ്പിച്ചിട്ടുണ്ട്)

23) ഷെഡ്യൂൾ RP-8:- Central Bank Of India -തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പലിശയിനത്തിൽ ലഭിച്ച തുക ടി ഹെഡ്ഡിൽ തെറ്റായി വരവ് ചെയ്തിരിക്കുന്നു.

24) ഷെഡ്യൂൾ RP-29: പഞ്ചായത്ത് ദുരിതാശ്വാസ നിധി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലെ വരവ്, ചെലവ് ,നീക്കിബാക്കി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

25) ഷെഡ്യൂൾ RP-32: Secured Loans- Life-State Share ഇനത്തിൽ ലഭിച്ച 1360000 രൂപ Secured Loans From State Government എന്ന ഹെഡ്ഡിൽ തെറ്റായി വരവ് ചെയ്തിരിക്കുന്നു.

26) ഷെഡ്യൂൾ RP-40 (B) ;- സ്ഥിര നിക്ഷേപങ്ങളുടെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക ശരിയല്ല. നടപ്പ് സാമ്പത്തിക വർഷം സ്ഥിരനിക്ഷേപങ്ങൾ പുതുക്കിയെങ്കിലും പുതിയ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
27) ഷെഡ്യൂൾ RP-40 (B) ;-കോവിഡുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ( അക്കൗണ്ട് നമ്പർ- 40151010500002) 316796 രൂപ നീക്കിബാക്കിയുണ്ടെങ്കിലും ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

28) ഷെഡ്യൂൾ RP-43:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക എന്നീ ഇനങ്ങളിലെ വരവ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30640570 |
| വരവ് | 117669445 |
| ആകെ | 148310015 |
| ചെലവ് | 122870207 |
| നീക്കിയിരിപ്പ് | 25439808 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂ ബിൽ | ലാപ്സായ തുക |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 24860037 | 24860037 | 20760604 | 4099433 | 210576 | 3888857 |
| വികസന ഫണ്ട് (എസ്.സി.പി) | - | 14020105 | 14020105 | 12748064 | 1272041 | 617133 | 654908 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 198000 | 198000 | 0 | 198000 | 0 | 198000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | - | 8920000 | 8920000 | 227169 | 8692831 | 4601235 | 4091596 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied) | - | 16920274 | 16920274 | 13005890 | 3914384 | 1420502 | 2493882 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | - | 24733000 | 24733000 | 24504848 | 228152 | 228152 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | - | 6455000 | 6455000 | 3537397 | 2917603 | 826141 | 2091462 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 75000 | - | 75000 | 0 | 75000 |
| ലൈഫ് മിഷൻ വിഹിതം | 0 | 1360000 | 1360000 | 1360000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | |
| എൻ.ആർ.ഇ.ജി.എസ് | 0 | 99136373 | 99136373 | 99135943 | 430 |
| ഐ.സി.ഡി.എസ് | 1341752 | 906207 | 2247959 | 811360 | 1436599 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 24860037 | 22608935 | 2251102 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1270200 രൂപ, ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 980902 രൂപ എന്നീ ഇനങ്ങളിലാണ് സോഴ്സ് ഡിഡക്ഷൻ |

| | | | | | |
|---|---|---|---|---|---|
| | | | | | നടത്തിയത്. പ്രസ്തുത തുകകൾ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 14020005 | 13707689 | 312316 | ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 263686 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. പ്രസ്തുത തുക ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. കൂടാതെ 19-03-2021 ലെ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ച 48630 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 6455000 | 6389711 | 65289 | വോട്ടിംഗ് മെഷീൻ- 65289 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |

2) വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകയ്ക്ക് ആനുപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3472108 | 3537397 | 65289 | വോട്ടിംഗ് മെഷീൻ- 65289 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് ഗ്രാന്റ് ചെലവിൽ ഉൾപ്പെടുത്തിയില്ല. പ്രസ്തുത തുകക്ക് ആനുപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. |

3) വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകളും ഗ്രാന്റ് വിനിയോഗപത്രികയിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വാർഷിക ധനകാര്യപത്രികയിലെ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 20760604 | 20760604 | 18759502 | 2001102 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - 980902 രൂപ അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1270200രൂപ എന്നീ ജി.ഒ പ്രോജക്ടുകളിലെ ചെലവ് സാംഖ്യയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഉൾപ്പെട്ടിട്ടില്ല. കൂടാതെ വെറ്റിലകൃഷി വികസനം (പ്രോജക്ട് നം- 45/21) എന്ന പ്രോജക്ടിന് സാംഖ്യയിൽ ചെലവ് വന്നെങ്കിലും സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല |
| 2 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3472108 | 3537397 | 3472108 | 65289 | വോട്ടിംഗ് മെഷീൻ- 65289 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 24504848 | 24504848 | 24733000 | 228152 | ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ 228152 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. |

4)സംസ്ഥാനാവിഷ്കൃത/ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വരവ്,ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 438 | 224496302 | 351 | 99711939 | 87 | 44.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 96372862 | 96372862 | 96372862 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 2763258 | 2763258 | 2762828 | 430 |
| ആകെ | 0 | 99136120 | 99136120 | 99135690 | 430 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20880 | 25 |
| കർഷകത്തൊഴിലാളി പെൻഷൻ | 3460200 | 232 |
| വിധവാപെൻഷൻ | 25446400 | 1686 |
| വാർദ്ധക്യകാലപെൻഷൻ | 52349100 | 3778 |
| വികലാംഗപെൻഷൻ | 6903500 | 457 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 844200 | 56 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2021 03.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6513 രൂപ(ആറായിരത്തി അഞ്ഞൂറ്റി പതിമൂന്ന് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

(1) ആസ്തി രജിസ്റ്റർ

ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ 2017-18 വരെ മാത്രമേ പുതുക്കിയിട്ടുള്ളൂ. 2018-19 വർഷം ഭാഗീകമായി മാത്രമേ പുതുക്കൽ നടപടികൾ നടന്നിട്ടുള്ളൂ. താഴെപ്പറയുന്ന വസ്തു പഞ്ചായത്തിന്റെ പേരിൽക്കൂട്ടിയിട്ടില്ലാത്തതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

(I)പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി ഹാരിസ് വിലാസത്തിൽ ഷംല ബീവിയിൽ നിന്നും വിലയാധാരം വാങ്ങിയ കലഞ്ഞൂർ വില്ലേജിൽ ബ്ലോക്ക് 33 ൽ 223/4 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 20.25 ആർ വസ്തു. പ്രസ്തുത വസ്തു പഞ്ചായത്തിന്റെ പേരിൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)കരാർ ചമയ്ക്കൽ

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമച്ച കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്

3) ഡെപ്പോസിറ്റ് രജിസ്റ്റർ

റീ ഫണ്ട് ചെയ്ത എല്ലാ ഡെപ്പോസിറ്റ് തുകകളും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-13 ആയി സൂചിപ്പിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റിലെ തുകൾ രേഖപ്പെടുത്തിയാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയാറാക്കിയിട്ടുള്ളത് എന്നാൽ റീ ഫണ്ട് ചെയ്യുന്ന തുകകൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഡെപ്പോസിറ്റ് രജിസ്റ്റർ ആധികാരികമല്ല.

2) ലൈസൻസ് രജിസ്റ്റർ

ലൈസൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് വിനിയോഗ പത്രിക എന്നിവ തയ്യാറാക്കിയതിൽ ഉള്ള അപാകതകൾ സംബന്ധിച്ച് പ്രത്യേക ഖണ്ഡികകളായി സൂചിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങൾക്ക് 2019-20,2020-21 വർഷങ്ങളിൽ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. വാടകക്കാരുമായി കൃത്യമായി കരാർ ചമക്കുന്നില്ല. (ഖണ്ഡിക 1-11 കാണുക).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2021 | 01/20 മുതൽ 03/21 വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2019 | 2013-14 മുതൽ 2018-19 വരെ | 24.01.2020 |

## 1-11 വാടക ഈടാക്കിയതിൽ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ വാടക സംബന്ധമായ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാടക പൂർണ്ണമായി ഈടാക്കിയില്ല

ഓഡിറ്റ് വർഷം വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ വിലാസം | കെട്ടിടത്തിന്റെ വിവരം | മാസ വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സിറാജുദ്ദീൻ സമീറാ മൻസിൽ കലഞ്ഞൂർ | കലഞ്ഞൂർ ഷോപ്പിംഗ് കോംപ്ലക്സ്. റൂം നം- 16/525 | 3295 | 02/21-03/21 ( 2 മാസം) | 6590 |
| | | | | ആകെ | 6590രൂപ |

അവശേഷിക്കുന്ന വാടക ഈടാക്കിയ ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) വാടക ഒഴിവാക്കി നൽകി

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിച്ച ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | വാടകക്ക് നൽകിയ കെട്ടിടം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | നീതി മെഡിക്കൽ സ്റ്റോർ (കലഞ്ഞൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ഉടമസ്ഥതയിൽ) | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്- | റൂം നം- 16/565 |
| 2 | VFPCK - വിപണി | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്- | റൂം നം- 16/563 |
| 3 | ഡയറി കോ- ഓപ്പറേറ്റീവ് സൊസൈറ്റി- കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്- | റൂം നം- 16/561 |

ഏത് വർഷം മുതലാണ് മുകളിൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങൾക്ക് വാടക ഇളവ് നൽകിയിട്ടുള്ളത്, വാടക ഒഴിവാക്കി നൽകാനുള്ള കമ്മിറ്റി തീരുമാനം എന്നീ വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച് 23.10.2021ൽ 2/21 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 2005-06 കാലയളവ് മുതലാണ് വാടക ഒഴിവാക്കി നൽകിയത് എന്ന് അറിയിച്ചത് ഒഴികെ മറ്റു വിവരങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് വാടക ഇളവ് നൽകുന്നതിന് നിലവിൽ സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ ഇല്ലാത്ത സാഹചര്യത്തിൽ ആ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) എഗ്രിമെന്റ് രേഖകൾ കൃത്യമല്ല

ഗ്രാമപഞ്ചായത്ത് വക വിവിധ കെട്ടിടങ്ങളിലായി 45 വാടകക്കാരാണുള്ളത്. ഇതിൽ എഗ്രിമെന്റ് വച്ചിട്ടുള്ളത് 23 വാടകക്കാർ മാത്രമാണ് ഹാജരാക്കിയ എഗ്രിമെന്റുകളും പൂർണ്ണമല്ല. എഗ്രിമെന്റ് നമ്പർ/ തീയതി, കാലയളവ്, തുക ,കടയുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി കൃത്യമാക്കിയില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം-2/21തീയതി 23/10/2021 ) നൽകിയതിന് മറുപടി ലഭ്യമാക്കിയിരുന്നു. എല്ലാ വാടക്കാരുമായും എഗ്രിമെന്റ് വയ്ക്കുന്നതിന് അവയിൽ വ്യവസ്ഥകൾ പൂർണ്ണമായി രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ലേല തുകയ്ക്ക് ജി.എസ്.ടി ഈടാക്കിയില്ല

ജി.ഒ (പി) നം- 87/2017/ത.സ്വ.ഭ.വ തീയതി 11-07-2017 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലേലം പിടിക്കുന്നവരിൽ നിന്നും ലേല തുകയോടൊപ്പം 18% ജി.എസ്.ടി കൂടി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം പ്രസ്തുത നിർദ്ദേശം പാലിച്ചില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേലക്കാരന്റെ പേര് | ലേലം കൊണ്ട സ്ഥാപനത്തിന്റെ പേര് | ലേല തുക | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|
| 1 | പൊന്നമ്മ രവിമംഗലത്ത് കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് സ്റ്റാൾ നമ്പർ-1 | 1582 | 285 |
| 2 | ഷെരീഫ് ചീയംപറമ്പിൽ കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് സ്റ്റാൾ നമ്പർ-2 | 1486 | 267 |
| 3 | ബാലചന്ദ്രൻ | കലഞ്ഞൂർ മാർക്കറ്റ് സ്റ്റാൾ | 1783 | 321 |

| | | | | |
|---|---|---|---|---|
| | നായർ<br>രാജേഷ് ഭവനം<br>കലഞ്ഞൂർ | നമ്പർ-3 | | |
| 4 | കനകമണി.റ്റി<br>അമൽ ഭവൻ<br>കൂടൽ | കലഞ്ഞൂർ മാർക്കറ്റ് സ്റ്റാൾ നമ്പർ-4 | 4000 | 720 |
| 5 | മുഹമ്മദ്<br>ഹുസൈൻ<br>വടക്കെ മുരിങ്ങമൂട്<br>ഇടത്തറ | കൂടൽ മാർക്കറ്റ് സ്റ്റാൾ | 251000 | 45180 |
| 6 | ബോബിൻ രാജ്<br>ബാബു ഭവനം<br>കൂടൽ | കൂടൽ മാർക്കറ്റ് മീറ്റ് സ്റ്റാൾ | 950000 | 171000 |
| | | | ആകെ | 217773 |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം- 6/21തീയതി 23/10/2021 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലേലതുകയ്ക്ക് വാടകക്കാരിൽ നിന്നും ജി.എസ്.ടി ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുവരുത്തിയ ശേഷം വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 നിക്ഷേപ തുക വിട്ടുതൽ ചെയ്യുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ഓഡിറ്റ് വർഷം രണ്ട് കരാറുകാർക്ക് നിക്ഷേപ തുക വിട്ടുതൽ ചെയ്ത് നൽകിയത് നടപടിക്രമങ്ങൾ പാലിച്ചല്ല. ഡെപ്പോസിറ്റിന്റെ യഥാർത്ഥ രസീത് നഷ്ടപ്പെട്ട സാഹചര്യത്തിൽ മുദ്രപ്പത്രത്തിൽ കരാർ വച്ച് തുക നൽകി എങ്കിലും ഡെപ്പോസിറ്റ് രജിസ്റ്ററിൽ റീഫണ്ടിന്റെ വിവരം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | റീഫണ്ട് ചെയ്ത് നൽകിയ തുക | ചെക്ക് നമ്പരും തീയതിയും |
|---|---|---|---|
| 1 | ശാലിനി ബാബുരാജ് | 39028 | 9134 തീയതി 07-09-2020 |
| 2 | ഉന്മേഷ് | 17000 | 9234 തീയതി 11-11-2020 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ റീഫണ്ടിന്റെ വിവരം രേഖപ്പെടുത്താത്തതിനാൽ പ്രസ്തുത തുകകൾ തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യപ്പെടുകയും യഥാർത്ഥ രസീത് വച്ചോ മുദ്രപ്പത്രത്തിൽ കരാർ വച്ചോ തുക വീണ്ടും നൽകുകയും ചെയ്യാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5 /21 തീയതി 23-10-2021) മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ അപാകം പരിഹരിക്കേണ്ടതും അതനുസരിച്ച് 2021-2022 വർഷത്തെ രജിസ്റ്റർ കൃത്യമാക്കുകയും ചെയ്യേണ്ടതുമാണ്.

## 1-14 ചട്ടവിരുദ്ധമായി കെട്ടിടത്തിന് നികുതി നിർണ്ണയിച്ചു; പഞ്ചായത്തിനു വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി ചട്ടങ്ങൾ പാലിക്കാതെ നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിനു നികുതി നഷ്ടമുണ്ടായി.

ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിലുമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വെവ്വേറെ നമ്പർ നൽകാതെ, ആകെ തറവിസ്തീർണ്ണത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിക്കണമെന്ന നിബന്ധനയാണ് പാലിക്കാതിരുന്നത്. 100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ (₹60/m2) നികുതി നിർണ്ണയിക്കുന്നതിനു പകരം 100ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ (₹35/m2)നികുതി നിർണ്ണയിച്ചതിനാൽ ചുവടെ പറയും പ്രകാരം നികുതി നഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട നികുതി (@60/m2) | ഈടാക്കിയ നികുതി (@35/m2) | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ശ്രീമതി ജയശ്രീ, ലക്ഷ്മി നിവാസ്, കൂടൽ പി.ഒ. | XVI/834,835,836, 837 | 136 | 8160 | 4760 | 3400 |
| 2 | ശ്രീ.മുഹമ്മദ് ഹനീഫ, പുളിമൂട്ടിൽ വീട്, കലഞ്ഞൂർ | XVI/873,874,875,886,887 | 191.895 | 11513.7 | 6716.33 | 4797.38 |
| 3 | ശ്രീ.ജേക്കബ്ബ് (വയലിറക്കത്ത് വീട്, കലഞ്ഞൂർ, | XVI/845,861,876, 877, 900, 901, 908, 909, 910 | 222.42 | 13345.2 | 7784.7 | 5560.5 |
| 4 | രവീന്ദ്രനാഥ് & ഉഷാകുമാരി, ഇലവുംതാനത്ത് വടക്കേതിൽ, കലഞ്ഞൂർ. | XVI/ 818,913 | 272.08 | 16324.8 | 9522.8 | 6802 |
| 5 | പത്മിനി കൃഷ്ണൻ/ ശ്യാമള രാമകൃഷ്ണൻ/ പ്രീത്കൃഷ്ണൻ (കാമ്പിയിൽ കൃഷ്ണ കൃപ, കലഞ്ഞൂർ) | XVI/879, 880 | 19.47+90 | 6568.2 | 6081.45 90M2ന് 60/m2 ഉം 19.47M2ന് 35/m2 ഉം നിരക്ക് ഈടാക്കി | 486.75 |
| 6 | രാജു തോമസ് / സൂസമ്മ ഷാജി (കോതമംഗലത്ത്, കൂടൽ) | XVIII/857 To 864 | 240 | 14400 | 8400 | 6000 |
| 7 | സുധാകരൻ (അരിയിടത്ത് പുത്തൻ വീട്, കൂടൽ) | XVIII/961 TO 964 | 190.55 | 11433 | 6669.25 | 4763.75 |
| 8 | രാജൻ ജോർജ്ജ് / സൂസമ്മ രാജൻ, കാവാടിയിൽ ഷിനു വില്ല, കൂടൽ) | XVIII/871 To 873 | 170 | 10200 | 5950 | 4250 |
| | ആകെ | | | | | 36060.38 |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 35 രൂപയും 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 60രൂപയുമായി നിശ്ചയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.)

'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്താവുന്നതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്താവുന്നതാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം3(5) ലും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായാണ് മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നത്.

അപാകതകൾ 29.10.2021ൽ ഓഡിറ്റ് എൻക്വയറി (നം.16) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചിട്ടാണോ ഇപ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുള്ളതെന്ന

വിവരം പരിശോധിക്കേണ്ടതും, നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-15 ലൈസൻസ് നൽകൽ- അപാകതകൾ

1) ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലായില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ , ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2020-21 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ,മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയോ ഉൽപ്പാദനം,സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമയി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

2) റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നം-149 പ്രകാരം റീട്ടയിൽ റേഷൻഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 18 റേഷൻകടകളാണുള്ളത്. ഈ സ്ഥാപനങ്ങളൊന്നും തന്നെ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

3) ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

മുറിഞ്ഞകൽ, നിരത്തുപാറ, കൂടൽ എന്നീ പ്രദേശങ്ങളായി മൂന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളാണ് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളത്. പ്രസ്തുത സ്ഥാപനങ്ങളൊന്നും തന്നെ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശമനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. കൂടാതെ റേഷൻകടകൾ,ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ ലൈസൻസിന്റെ പരിധിയിലേക്ക് കൊണ്ടുവരേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്.

## 1-16 തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

ഒരു അർദ്ധവർഷം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലേർപ്പെട്ടിരിക്കുന്നവർ തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരാണ്. ഇവരിൽനിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. തൊഴിൽനികുതി പിരിവ് സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ രജിസ്റ്ററുകളും അർദ്ധവാർഷിക നികുതി സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ, ഇപ്രകാരം തൊഴിൽ ചെയ്യുന്നവർ നികുതിയൊടുക്കുന്നില്ല എന്ന് കണ്ടു.

*1.തൊഴിലുറപ്പ് തൊഴിലാളികളിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല*

ഗ്രാമപ്പഞ്ചായത്തിലെ തൊഴിലുറപ്പപദ്ധതി പ്രകാരം തൊഴിൽ കാർഡ് കൈപ്പറ്റി, നൂറു ദിവസത്തിലധികം തൊഴിലെടുത്തവർ തൊഴിൽനികുതി ഒടുക്കിയിട്ടില്ലായെന്ന് തൊഴിൽ കാർഡ് രജിസ്റ്റർ, വേതന വിതരണ സ്റ്റേറ്റ്മെന്റുകൾ എന്നിവ വ്യക്തമാക്കുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2019-20ൽ 1120 പേരും 2020-21ൽ 927 പേരുമാണ് നികുതിയൊടുക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | നികുതി ഒടുക്കേണ്ട അർദ്ധവർഷം | അർദ്ധവാർഷിക വരുമാനം | ഒടുക്കേണ്ട നികുതി |
|---|---|---|---|
| കോമളം പ്രകാശ് | 2019-20 Ist | 14593 | 120 |
| ആമിനാബീവി | 2019-20 IInd | 15908 | 120 |
| ലീലാമ്മ സൈമൺ | 2019-20 IInd | 14428 | 120 |
| ശാന്ത | 2019-20 IInd | 17920 | 120 |
| കല | 2019-20 Ist | 15876 | 120 |
| അമ്പിളി എസ് | 2019-20 IInd | 22632 | 180 |

| | | | |
|---|---|---|---|
| സുഭദ്ര ബി | 2019-20 IInd | 25395 | 180 |
| ലീലാമ്മ | 2020-21 IInd | 17464 | 120 |
| സുഭദ്ര പി | 2020-21 IInd | 20389 | 180 |
| പ്രീജ അജി | 2020-21 IInd | 23387 | 180 |
| അമ്പിളി എസ് | 2020-21 IInd | 16024 | 120 |
| കല | 2020-21 IInd | 18648 | 180 |
| ശാന്ത | 2020-21 IInd | 18884 | 180 |
| ലീലാമ്മ സൈമൺ | 2020-21 IInd | 16702 | 120 |
| ആമിനാബീവി | 2020-21 IInd | 21272 | 180 |

*2.റേഷൻ റീട്ടെയിൽ ഷോപ്പ് ഉടമകളും ജീവനക്കാരും തൊഴിൽനികുതി ഒടുക്കുന്നില്ല*

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 18 റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നതായി ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ നിലവിൽ ഇതിന്റെ നടത്തിപ്പുകാരിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതിയൊടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവിഭാഗം തൊളിലാളികളിൽനിന്നും നികുതി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 02-10-17 ലെ സ ഉ (സാധാ) നമ്പർ 3186/2017 തസ്വഭവ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2020-21 വർഷം പഞ്ചായത്തിൽ നടപ്പാക്കിയ 55 പ്രവൃത്തികളിൽ നിന്നും ഇ ടെണ്ടർ ഫീസായി 82690 രൂപ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ഇ ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഫൈൻ ഈടാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20ൽ പൂർത്തിയാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിനു നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടമുണ്ടായി. ടി പ്രവൃത്തികൾക്ക് പ്രതിഫലം 2020-21ൽ ആണ് നൽകിയിട്ടുള്ളത്. കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ(ജി.ഒ.(പി)13/2012/PWD/01-02-2012) സെക്ഷൻ 2112 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) വരെ ഒരു ശതമാനം പിഴയോടുകൂടിയോ (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴയോടു കൂടിയും (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) അനുവദിക്കാവുന്നതാണ്. പരമാവധി ദീർഘിപ്പിച്ച നൽകാവുന്ന സമയം കരാർ കാലാവധിയുടെ 50% ൽ അധികരിക്കാനും പാടില്ല. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. 2012 മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കരാർ തുക | അധികമായി എടുത്ത കാലയളവ് | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 236/21പാടം കാഷ്യു ഫാക്ടറി ടവർ റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ തുക: 200000 ( CFC Grant)<br>കരാറുകാരൻ :അമ്പിളിധരൻ നായർ ജെ<br>ബിൽ നം./ തീയതി/തുക:<br>20050352013900708027/11.04.20, 199821<br>കരാർ നം:122/18-19 തീയതി 26.11.18<br>എം ബുക്ക് 104/19-20<br>കാലയളവ് -4 മാസം<br>ആരംഭിച്ച തീയതി -26.11.18<br>പൂർത്തിയാക്കിയ തീയതി -04.11.19 | 199841 | 7 മാസം 10ദിവസം | 199841*1%+199841*2%=<br>1998+3997=5995 |
| 2. | 237/21 പടയണിപ്പാറ എരത്വാപ്പുഴ ഇരുട്ട് തറ റോഡ് മെറ്റലിംഗ് & ടാറിംഗ് -വാർഡ് 8<br>അടങ്കൽ തുക: 440000(CFC Grant)<br>കരാറുകാരൻ : അമ്പിളിധരൻ നായർ ജെ<br>ബിൽ നം./ തീയതി/തുക:<br>20050352013900708018/11-04-20 , 439779/-<br>കരാർ നം:124/18-19 തീയതി 27.11.18<br>എം ബുക്ക് 103/18-19<br>കാലയളവ് -4 മാസം<br>ആരംഭിച്ച തീയതി -27.11.18<br>പൂർത്തിയാക്കിയ തീയതി -11.11.19 | 439867 | 7 മാസം 16ദിവസം | 439867*1%+439867*2%=<br>4399+8798=<br>13197 |

| | | | | |
|---|---|---|---|---|
| 3. | 238/21 പടയണിപ്പാറ എരത്വാപ്പുഴ റോഡ് മെറ്റലിംഗ് & ടാറിംഗ് - വാർഡ് 8<br>അടങ്കൽ തുക: 450000(CFC Grant)<br>കരാറുകാരൻ : അമ്പിളിധരൻ നായർ ജെ<br>ബിൽനം./തീയതി/തുക: 1905035201390162 8275/27-03-20 , 449889<br>കരാർ നം:120/18-19 തീയതി 26.11.18<br>എം ബുക്ക് 102/18-19<br>കാലയളവ് -4 മാസം<br>ആരംഭിച്ച തീയതി -26.11.18<br>പൂർത്തിയാക്കിയ തീയതി -05.11.19 | 449979 | 7 മാസം 11ദിവസം | (449979*1%+449979*2%)<br>4500+9000=<br>13500 |

ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/2020-21 തീയതി 01.11.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയറിനേയും കരാറുകാരനേയും വിവരം അറിയിച്ചിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. ഫൈൻ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ തുക കരാറുകാരിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 അംഗീകരിച്ച പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഡിജിറ്റൽ കോൺഫറൻസ് ഹാളിനും പഞ്ചായത്ത് ഓഫീസിനും ഇലക്ട്രോണിക് ഉപകരണം ( 467/21) |
| വകയിരുത്തിയ തുക | തനത് ഫണ്ട്- 490000 രൂപ |
| ചെലവഴിച്ച തുക | ചെക്ക് നം- 5210646 തീയതി 11-11-2020 - 130706 രൂപ<br>ചെക്ക് നം- 10579 തീയതി 21-03-2021 - 125930 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ഡിജിറ്റൽ കോൺഫറൻസ് ഹാളിനുള്ള ഡിജിറ്റൽ ഉപകരണങ്ങൾ, പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ കാബിനിലേക്കുള്ള ഫർണ്ണീച്ചർ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഭരണസമിതിയുടെ 27-12-2019 ലെ 1(5)ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത വാങ്ങലിന് അംഗീകാരം നൽകിയിരുന്നു. പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ കാബിനിലേക്കുള്ള ഫർണ്ണീച്ചർ വാങ്ങൽ നടത്തിയെങ്കിലും അംഗീകരിച്ച പ്രോജക്ടിൽ പറഞ്ഞിരുന്നതിന് വിരുദ്ധമായി ഓഫീസിലേക്ക് മേശ, കസേര എന്നിവയും വാങ്ങി. ടെണ്ടർ മുഖേനയുള്ള വാങ്ങലാണ് പ്രോജക്ട് ഫാറത്തിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി അക്രിഡിറ്റഡ് ഏജൻസി മുഖേന നേരിട്ടുള്ള വാങ്ങലാണ് നടത്തിയത്.

ഇപ്രകാരം അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തി എന്ന അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം 7 /21 തീയതി 25-10-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ നിർവ്വഹണത്തിലുണ്ടായ വ്യതിയാനം ഏത് സാഹചര്യത്തിലെന്ന് വ്യകതമല്ല.പ്രോജക്ടിന് അംഗീകാരം വാങ്ങുന്ന രീതിയിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തുന്നത് തെറ്റായ പ്രവണതയാണ്. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ പരിശോധനയിൽ 1995-96 മുതലുള്ള നിക്ഷേപ തുകകൾ റീഫണ്ട് ചെയ്യുകയോ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽകൂട്ടുകയോ ചെയ്യാതെ അവശേഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6),2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 79 എന്നിവ പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ട്

അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 1995-96 മുതൽ 2017-18 വരെയുള്ള കാലയളവിലെ 167 നിക്ഷേപങ്ങളിലായി ഇപ്രകാരം 658452 രൂപയാണ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാതെ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 1995-96 | 3 | 52700 |
| 1997-98 | 2 | 6200 |
| 2001-02 | 3 | 7300 |
| 2002-03 | 9 | 41326 |
| 2005-06 | 11 | 206356 |
| 2007-08 | 12 | 41325 |
| 2008-09 | 11 | 65225 |
| 2009-10 | 12 | 32800 |
| 2010-11 | 1 | 500 |
| 2011-12 | 17 | 61075 |
| 2013-14 | 7 | 9450 |
| 2014-15 | 18 | 34500 |
| 2015-16 | 24 | 50401 |
| 2016-17 | 22 | 24194 |
| 2017-18 | 15 | 25100 |
| ആകെ | 167 | 658452 |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ 2021-22 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല. മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ പൂർണ്ണമായി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും ബാക്കി വർഷങ്ങളിലെ നിക്ഷേപ തുകകൾ 2021-22 വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നതിനായി ഭരണസമിതി തീരുമാന പ്രകാരം നടപടികൾ സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- അപാകതകൾ

2019 മാർച്ച്, 2020 ഏപ്രിൽ മാസങ്ങളിലായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ച് ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയിരുന്നു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ യേശുദാസൻ, മുതിരവിള വീട്,കലഞ്ഞൂർ എന്നയാളുടെ ക്വട്ടേഷനാണ് ഭരണസമിതിയുടെ 17-03-2020-ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്. കിലോമീറ്ററിന് 109 രൂപ എന്നുള്ളതാണ് നിരക്ക്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് തുക വിനിയോഗിച്ചത്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കുടിവെള്ളം വിതരണം നടത്തിയ കാലയളവ് | ചെക്ക് നമ്പരും തീയതിയും | തുക |
|---|---|---|---|
| 1 | 25/03/20-31/03/20 | 8751 തീയതി 22-04-2020 | 476280 |
| 2 | 01/04/20- 08/04/20 | | |
| 3 | 09/04/20- 30/04/20 (3 വാഹനങ്ങൾ) | 8788 തീയതി 14-05-2020 | 708476 |
| | | ആകെ | 1184756 രൂപ |

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 27-02-2020 ലെ സ.ഉ(സാധാ) നം-494/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം

ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക നൽകേണ്ടതാണ്. ടി നിബന്ധന പാലിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

2) വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 27-02-2020 ലെ സ.ഉ(സാധാ) നം-494/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധന പാലിക്കാതെയാണ് തുക നൽകിയിരിക്കുന്നത്. കുടിവെള്ള വിതരണത്തിനായി വാഹനം ഓടുന്ന ദൂരത്തിന് ആനുപാതികമായാണോ തുക നൽകിയതെന്നും വാഹനം പഞ്ചായത്ത് പ്രദേശത്ത് തന്നെയാണോ കുടിവെള്ള വിതരണം നടത്തിയതെന്നും ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ പ്രസ്തുത നിബന്ധന കർശനമാക്കിട്ടുള്ളത്. അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-4/21 തീയതി 25-10-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കിയില്ല

2020-21 സാമ്പത്തിക വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 166095 രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കിയില്ല. ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കാത്തപക്ഷം അത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ-10088/എൽ.3/05/ത.സ്വ.ഭ.വ തീയതി 20-09-2005 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ടി തുക അടിയന്തിരമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഹൈമാസ്റ്റ് ലൈറ്റിന് എ.എം.സി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഹൈമാസ്റ്റ് ലൈറ്റ് എ.എം.സി ( 9/21) |
| വകയിരുത്തിയ തുക | തനത് ഫണ്ട്- 120000 രൂപ |
| ചെലവഴിച്ച തുക | ബിൽ നം- 25തീയതി 10-02-2020 - 119200 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ഹൈമാസ്റ്റ് ലൈറ്റുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനായി കെൽട്രോണിൽ നിന്നും ഒരു വർഷത്തേക്ക് എ.എം.സി എടുക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്. എന്നാൽ അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ടെണ്ടർ മുഖേനയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടപ്പിലാക്കിയത്. കലഞ്ഞൂർ ജംഗ്ഷൻ, കൂടൽ ആൽത്തറ ജംഗ്ഷൻ എന്നിവിടങ്ങളിലെ ലൈറ്റുകൾ റിപ്പയർ ചെയ്തതിനാണ് തുക നൽകിയത്. പി മുഹമ്മദ് റാവുത്തർ, പുളിമൂട്ടിൽ ഇലക്ട്രിക്കൽസ്, കലഞ്ഞൂർ എന്നയാളുടെ ടെണ്ടറാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-10-2020 തീയതിയിലെ 1(4) -ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി.

2) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കരാറുകാരനും തമ്മിൽ എഗ്രിമെന്റ് ചമച്ചില്ല.

3) ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റില്ല.

4) വാല്വേഷന്റെ അടിസ്ഥാനത്തിലല്ല തുക നൽകിയത്.

5) പ്രവൃത്തിയുടെ പൂർത്തീകരണം കെ.എസ്.ഇ.ബി അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) മോണിറ്ററിംഗ് നടത്തിയില്ല.

അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം 12/21 തീയതി 27-10-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 119200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 വാഹനത്തിന്റെ ഉപയോഗം- അപാകതകൾ

വാഹനം പരിപാലിക്കുന്നതിൽ സർക്കാർ ഉത്തരവിലെ (സ.ഉ(എം.എസ്)നം-170/07 /ത.സ്വ.ഭ.വ തീയതി 30-08-2017) നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിക്കുന്നില്ല. സർക്കാർ വാഹനങ്ങൾ ആറുമാസത്തിലൊരിക്കൽ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് വക വാഹനത്തിന്റെ {(മഹീന്ദ്ര ബൊലേറോ ( നമ്പർ KL 26E 1818)} ഫ്യൂവൽ ടെസ്റ്റ് അവസാനമായി നടത്തിയത് 23-10-2020 -ൽ ആണ്. ഇന്ധനം നിറക്കുന്നതിന്റെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് കൺട്രോളിംഗ് ഓഫീസർ

സാക്ഷ്യപ്പെടുത്തുന്നില്ല. ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നയാൾ യാത്രക്ക് ശേഷം ഒപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിച്ചിട്ടില്ല. എല്ലാ യാത്രകളും കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. തൻമാസത്തെ ഇന്ധന ഉപയോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസത്തെ അവസാനദിവസം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും മാസാന്ത്യ സംക്ഷിപ്തം എഴുതിയിട്ടില്ല.

വാഹനത്തിന്റെ ഉപയോഗത്തിലും ലോഗ് ബുക്ക് സൂക്ഷിക്കുന്നതിലും ഉണ്ടായ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഫ്യുവൽ ടെസ്റ്റ് കൃത്യസമയത്ത് നടത്തേണ്ടതും ലോഗ് ബുക്ക് സൂക്ഷിപ്പിൽ ഉണ്ടായ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-25 ഉന്നതപഠനം നടത്തുന്ന SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - അധികം തുക ചെലവഴിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി 2020-21 സാമ്പത്തികവർഷം ഉന്നതപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പ്രോജക്ട്നമ്പർ-24/2020-21) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഉന്നതപഠനം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 16 ലാപ് ടോപ്പുകൾ വാങ്ങുന്നതിന് 439824 രൂപ വികസനഫണ്ട്(SCP)-ബിൽനമ്പർ-12/20.11.2021) പിൻവലിച്ച് കെൽട്രോൺ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 15 ലാപ് ടോപ്പുകൾ മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. 15 ലാപ് ടോപ്പുകളുടെ വിലയായി 406233 രൂപയുടെ ബില്ല് കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 33591 രൂപ കെൽട്രോണിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് (നം.8/20-21-26.10.2021) മറുപടി ലഭിച്ചിട്ടില്ല. ലാപ് ടോപ്പുകളുടെ വില ഇനത്തിൽ കെൽട്രോണിന് അധികമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി- സബ്സിഡി ഇനത്തിൽ അധികം തുക ചെലവഴിച്ചു

2020-21 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണമേഖലയിൽ കന്നുകുട്ടി പരിപാലന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ക്ഷീരകർഷകരുടെ കന്നുകുട്ടികൾക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 800000 രൂപ വകയിരുത്തിയ പദ്ധതിയിൽ 255000 രൂപ സബ്സിഡി ഇനത്തിൽ നിർവഹണത്തിനായി ICDP പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ | പരമാവധി നൽകാവുന്ന സബ്സിഡി തുക |
|---|---|---|---|---|
| വികസനഫണ്ട് | 200000 | 200000 | 2/2020-21 /15.12.2020 | 6250 |
| സംസ്ഥാന വിഹിതം | 200000 | 55000 | 9261/14.12.2020 | 6250 |
| ഗുണഭോക്തൃവിഹിതം | 400000 | 0 | | 12500 |
| ആകെ | 800000 | 255000 | | |

32 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിക്കായി 20 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് മാത്രമാണ് തുക കൈമാറിയിട്ടുള്ളത്. സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതി നിർവഹണത്തിന് തദ്ദേശഭരണ സ്ഥാപനവിഹിതം 25%, സംസ്ഥാനവിഹിതം 25% ഗുണഭോക്തൃവിഹിതം- 50% എന്നീ നിരക്കാണ് സബ്സിഡിയായി നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനവിഹിതം ലഭിച്ചിട്ടില്ല എങ്കിൽ തദ്ദേശഭരണസ്ഥാപനത്തിന് വിഹിതം നൽകാവുന്നതാണ്. ഇപ്രകാരം 20 കന്നുകുട്ടികൾക്ക് പരമാവധി 250000/-രൂപ (20x12500) സബ്സിഡി നൽകാവുന്നതാണ്. എന്നാൽ 255000/- രൂപ പ്രോജക്ട്ഓഫീസറുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 5000/- രൂപ അധികം നൽകിയതിന് കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/20-21/29.10.2021) 32 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയ്ക്ക് ഫണ്ടിന്റെ അപര്യാപ്തത മൂലം 20 പേരെ മാത്രമാണ് ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത് എന്നും സബ്സിഡി ഇനത്തിൽ അധികമായി പ്രോജക്ട്ഓഫീസർക്ക് നൽകിയ 5000 രൂപ അടുത്ത പ്രോജക്ടിൽ ക്രമീകരിക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 വനിതാ ക്ഷീരകർഷകർക്ക് സഹായം- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി വനിതാ ക്ഷീരകർഷകർക്ക് സഹായം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ക്ഷീരകർഷകരായ വനിതാ ഗുണഭോക്താക്കൾക്ക് ക്ഷീരസംഘങ്ങൾ വഴി 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ധനസഹായം നൽകുക എന്നതായിരുന്ന പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ബിൽനമ്പർ/തീയതി |
|---|---|---|---|
| 31/2020-21 വനിതാ ക്ഷീരകർഷകർക്ക് സഹായം | 750000 | 100 | 07/2020-21/25.03.2021 |

സ.ഉ (സാധാ) നമ്പർ 1480/2020 എം ത.സ്വ.ഭ.വ തീയതി 06.08.2020 ആയുള്ള ഉത്തരവ് പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള സബ്സിഡി പണമായി നൽകാൻ പാടില്ല. ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റയായി വിതരണം ചെയ്യേണ്ടതും സബ്സിഡി സഹകരണസംഘങ്ങൾക്ക് അനുവദിക്കേണ്ടതുമാണ്. എന്നാൽ ഇതിനു വിരുദ്ധമായി ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകിയതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് (10/20-21 – 28.10.2021) മറുപടി ലഭിച്ചില്ല. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർപദ്ധതി- മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് 164169 രൂപ KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 52/2020-21 പാലിയേറ്റീവ് കെയർ പദ്ധതി | 164169 | 70490 | 17/2020-21 /23.09.2020 |

മരുന്ന് പൂർണ്ണമായും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം ഹോമിയോമരുന്നുകൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 350000/- രൂപ മുൻകൂറായി നൽകിയതിൽ 200152/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/ നമ്പർ | ബിൽ നം,തീയതി | നൽകിയ തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|
| 19/2020-21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ | 1/2020-21/ 14.12.2020 | 350000 | 200182 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 09/2020-21 Dtd 25.10.21) മറുപടിയായി മരുന്ന് ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കത്തു നൽകിയിട്ടുണ്ടെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചു. മരുന്ന് എത്രയും വേഗം പൂർണ്ണമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 സർക്കാർ പ്രൈമറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല

ഗ്രാമപഞ്ചായത്തിൽ 7 സർക്കാർ പ്രൈമറി സ്കൂളുകൾ നിലവിലുള്ളതിൽ പല സ്കൂളുകൾക്കും അടിസ്ഥാനസൗകര്യങ്ങൾ പരിമിതമാണ്.

1. ഗവ.എൽ.പി.എസ്.,പാടം

പത്തനംതിട്ട – കൊല്ലം ജില്ലകളുടെ അതിർത്തി പ്രദേശമായ പാടം വനത്തോടു ചേർന്ന് കിടക്കുന്ന പ്രദേശമാണ്. ആദിവാസി കുട്ടികൾ ഉൾപ്പെടെ രണ്ടു ജില്ലകളിലേയും 100 ലധികം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. സ്കൂളിന്റെ കെട്ടിടം വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുമാണ്. അടുക്കളയും ശോചനീയാവസ്ഥയിലാണ്. വളരെ പഴക്കം ചെന്ന കെട്ടിടമായതിനാൽ സൗകര്യങ്ങൾ വളരെ കുറവാണ്. അറ്റകുറ്റപ്പണികൾ കൊണ്ട് പരിഹാരമുണ്ടാകുന്ന പ്രശ്നമല്ല ഇവിടുത്തേത്. അറ്റകുറ്റപ്പണികൾക്ക് ഫണ്ട് വകയിരുത്തുന്നതിന് പകരം പുതിയ കെട്ടിടം നിർമ്മിക്കുകയാണ് അഭികാമ്യം.

2. ഗവ.എൽ.പി.എസ്.,അതിരുങ്കൽ

ക്ലാസ്സുകൾ നടക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ കതകുകളും ജനലുകളും കാലപ്പഴക്കം മൂലം ജീർണ്ണിച്ച അവസ്ഥയിൽ ആയതിനാൽ കെട്ടിടത്തിന് സുരക്ഷിതത്വം ഇല്ല. അടച്ചുറപ്പുള്ള 1 മുറി മാത്രമാണുള്ളത്. അത് ഓഫീസ് മുറിയായി ഉപയോഗിച്ചു വരുന്നു. വേറെ സുരക്ഷിത മുറി ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് 2019-20-ലെ പദ്ധതി പ്രകാരം സ്മാർട്ടക്ളാസ്സ്റൂം ഓഫീസ് മുറിയിലാണ് സജ്ജീകരിച്ചിട്ടുള്ളത്. സ്മാർട്ടക്ളാസ്സ്റൂമിനായി പ്രത്യേക മുറി നിർമ്മിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. IT റൂം നിർമ്മിക്കുന്നതിനും കതകുകളും ജനലുകളും മാറ്റി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഗവ.എൽ.പി.എസ്.,കലഞ്ഞൂർ

പ്രീ – പ്രൈമറി ഉൾപ്പെടെ 600-ലധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണിത്. സ്ഥലപരിമിതി മൂലം നിലവിൽ സൗകര്യങ്ങളില്ലെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

വിദ്യഭ്യാസ മേഖലയിൽ കൈമാറിക്കിട്ടിയ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 അഗതിരഹിതകേരളം- ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതികുടുംബങ്ങളേയും നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും, തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി 12.12.17-ലെ സ.ഉ.(എം.എസ്.)നം.252/17/തസ്വഭവ നമ്പർ മാർഗ്ഗരേഖ പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കലഞ്ഞൂർ ഗ്രമപഞ്ചായത്തിൽ 169 അഗതി കുടുംബങ്ങളെ കണ്ടെത്തുകയും പ്ലാൻ ഫണ്ടിനത്തിൽ 5780000 രൂപയും ചലഞ്ച് ഫണ്ട് ഇനത്തിൽ 3572100 രൂപയും ഉൾപ്പെടുത്തി 9352100 രൂപയുടെ പ്രോജക്ട് തയ്യാറാക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.03.2019-ലെ കെ.എസ്./എൽ./13100/2018 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും ചെയ്തു. ഇതനുസരിച്ച് 2019-20 മുതൽ അഗതിരഹിതകേരളം പദ്ധതി നടപ്പാക്കിവരുന്നു. തുടക്കത്തിൽ 169 ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും നിലവിൽ 156 പേർ മാത്രമാണുള്ളത്.

പദ്ധതിയുടെ നാളിതുവരെയുള്ള ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് 31.10.2021) |
|---|---|---|---|
| മുന്നിരിപ്പ് As On 01.04.2020 | 4032587 | | |
| ചലഞ്ച്ഫണ്ട് | 897596 | 1188000 | |
| വികസനഫണ്ട് | 700000 | 280000 | |
| ബാങ്ക് പലിശ | 177872 | 0 | |
| ആകെ | 5808055 | 1468000 | 4340055 |

അഗതിരഹിത കേരളം പദ്ധതിക്ക് 4340055/-രൂപ നിലവിൽ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. പദ്ധതിയിൽ പ്രധാനമായും ഭക്ഷ്യകിറ്റ് വിതരണം മാത്രമാണ് നടന്നിട്ടുള്ളത്. പ്ലാൻ ഫണ്ട് വിനിയോഗിച്ച് 9 പേർക്ക് വീട് മെയിന്റനൻസിന് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പല ഗുണഭോക്താക്കളേയും ഗ്രാമപഞ്ചായത്തിന്റെ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനാൽ വികസനഫണ്ട് ഇനത്തിൽ ലഭിച്ച തുക ചെലവഴിക്കാൻ സാധിക്കാതെ വരുന്നു. ആശ്രയപദ്ധതി പ്രകാരം മിച്ചം വന്നിട്ടുള്ള പദ്ധതിയ്ക്ക് ലഭിക്കുന്ന വികസനഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് മുൻഗണന നൽക്കേണ്ടതാണ്. വികസനഫണ്ട് ഉൾപ്പെടെ 3717271/- രൂപയാണ് പദ്ധതിയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്നത്.

അഗതിരഹിത കേരളം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള പ്രകാരം സമയബന്ധിതമായി നടപ്പിലാക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് വേണ്ടി തുക ചെലവഴിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 പി.എച്ച്.സി കെട്ടിട നിർമ്മാണം-3 വർഷത്തിന് ശേഷവും പൂർത്തീകരിച്ചില്ല

പഞ്ചായത്തിന് കൈമാറിക്കിട്ടിയ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം പഴയതും അപകടാവസ്ഥയിലും ആയതിനാൽ 2018-19-ൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഒന്നാംഘട്ടം പൂർത്തിയാക്കാൻ 50 ലക്ഷം രൂപ തനത്ഫണ്ട് വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായും കെട്ടിടത്തിന്റെ ഫൗണ്ടേഷൻ , ഗ്രൗണ്ട് ഫ്ലോർ സ്ട്രക്ചർ എന്നീ പ്രവൃത്തികൾക്ക് മാത്രമേ 50 ലക്ഷം രൂപ തികയുകയുള്ളൂ എന്നതിനാൽ തുടർ പണികൾക്കും ഫിനിഷിംഗ് പ്രവൃത്തികൾക്കുമായി 2019-20-ൽ പദ്ധതി വയ്ക്കുവാനും 5.1.2019ലെ 1(11)-10 നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ഒന്നാംഘട്ട പ്രവൃത്തിക്കായി 211/2019 -ാം നമ്പരായി പ്രോജക്ട് രൂപീകരിച്ചിരുന്നു. 4 മാസമായിരുന്നു പൂർത്തീകരണ കാലയളവ് . 5.03.2019ൽ പ്രസ്തുത പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും 29.11.2019 ൽ മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്. ടി.തീയതിയിൽ തന്നെ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിൽ പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. നിലവിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം 3794725 രൂപയാണ്. പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതായാണ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് 396/2021 -ാം നമ്പർ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 3 പാർട്ട് ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം/തീയതി | ബിൽ തുക | റിമാർക്ക്സ് |
|---|---|---|
| 5210637/ 18.09.20 | 1543202 | ഫസ്റ്റ് ആന്റ് പാർട്ട് ബിൽ(1543202/-) |
| 5210655/24.12.2020 | 800000 | സെക്കന്റ് ആന്റ് പാർട്ട് ബിൽ(1638014/-) |
| 5210660/29.01.2021 | 500000 | |
| 10496/11.02.2021 | 338014 | |
| 31/03/2021 | 613441 | തേർഡ്ആന്റ് പാർട്ട് ബിൽ(613441/-) |

പദ്ധതിയുടെ ഫയൽ പരിശോധിച്ചത് പ്രകാരം ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1)സെലക്ഷൻ നോട്ടീസ് നൽകി 8 മാസങ്ങൾക്ക് ശേഷമാണ് കരാർ ചമച്ചത്. ആയതിന്റെ കാരണം വ്യക്തമല്ല. സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസങ്ങൾക്കകവും പിന്നീടുള്ള 10 ദിവസകാലയളവിൽ PACയുടെ 1ശതമാനം പിഴ ഈടാക്കികൊണ്ടും കരാർ ചമയ്ക്കേണ്ടിയിരുന്നു. കരാർ ചമയ്ക്കാത്തപക്ഷം 24 ദിവസത്തിന് ശേഷം പ്രസ്തുത സെലക്ഷൻ ക്യാൻസൽ ചെയ്ത് തൊട്ടടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കേണ്ടിയിരുന്നു. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

2) ഏകവർഷ പ്രോജക്ട് ആയി ആവിഷ്കരിച്ച പദ്ധതി 4 മാസം കൊണ്ട് തീർപ്പാക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 2019-20ലും 2020-21ലും സ്പിൽ ഓവറായി തുടരുകയാണ് ഉണ്ടായത് . ആയതിന്റെ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിരുന്നില്ല.

മേൽ അപാകതകൾ സൂചിപ്പിച്ചും 2021-22ൽ പ്രവൃത്തി സ്പിൽ ഓവറാക്കി പൂർത്തീകരിച്ചിരുന്നോ എന്നും പി.എച്ച്.സി കെട്ടിടത്തിന്റെ പിന്നീടുള്ള ഘട്ടങ്ങൾക്കായി പദ്ധതി രൂപീകരിച്ചുവോ എന്നും അന്വേഷിച്ച് 18/1.11.2021ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മറുപടിയിൽ, കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്തെ കുറിച്ച് തർക്കം നിലനിന്നിരുന്നു എന്നും പിന്നീട് ബഹു ജില്ലാ കളക്ടറുടെ 30/02/2020 ലെ സി 10-31460/2016-ാം നമ്പർ കത്ത് പ്രകാരം ആയത് ആശുപത്രിയുടെ സ്ഥലം തന്നെയാണ് എന്നതിന് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സ്പഷ്ടീകരണം ലഭിച്ചതിന് ശേഷം മാത്രമാണ് 3/2020ൽ കെട്ടിടം പൊളിച്ച് മാറ്റുകയും 5/2020ൽ മരങ്ങൾ മുറിച്ച് മാറ്റുകയും ചെയ്തിട്ടുള്ളത് എന്നതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായി. 2020 മാർച്ച് മുതൽ കോവിഡ് സാഹചര്യവും തുടർ പ്രവൃത്തികൾക്ക് തടസ്സമുണ്ടാക്കിയിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ കാരണം പദ്ധതി 2021-22 ലും സ്പിൽ ഓവറാക്കിയിട്ടുണ്ട്. പ്രവൃത്തിക്ക് 12 മാസ കാലയളവെങ്കിലും ആവശ്യമാണെന്നും 4 മാസം എന്നത് ക്ളറിക്കൽ പിശകാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പദ്ധതി പൂർത്തീകരണത്തിനായി ഇനിയും തുക ആവശ്യമായ സാഹചര്യത്തിൽ പുതിയ പ്രോജക്ട് രൂപീകരിച്ചാൽ മാത്രമേ കെട്ടിടം ഉപയോഗപ്രദമാക്കാൻ കഴിയൂ എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

നാളിതുവരെ 3794657 രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞതിനാൽ 2021-22ൽ തന്നെ അടിയന്തിരമായി ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം ഉപയോഗപ്രദമാക്കുവാനായി രണ്ടാം ഘട്ട പ്രോജക്ട് ആവിഷ്കരിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തി താമസം വിനാ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കാത്ത പക്ഷം

പി.എച്ച്.സി കെട്ടിട നിർമ്മാണച്ചെലവ് പൊതു പണത്തിന്റെ ദുർവിനിയോഗമായി പരിണമിക്കുന്നതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ൽ നടപ്പാക്കിയ 3 മെറ്റലിംഗ് & ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST | ഈടാക്കിയ ബാരൽ വില @238/E + 18% GST | കുറവ് |
|---|---|---|---|---|---|
| 1. | 236/21പാടം കാഷ്യു ഫാക്ടറി ടവർ റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ തുക: 200000 ( CFC Grant)<br>കരാറുകാരൻ :അമ്പിളിധരൻ നായർ ജെ<br>ബിൽ നം./ തീയതി/തുക:<br>13900708027/11.04.20, 199821<br>എം ബുക്ക് 104/19-20<br>കാലയളവ് -4 മാസം<br>ആരംഭിച്ച തീയതി -26.11.18<br>പൂർത്തിയാക്കിയ തീയതി -04.11.19 | 6 | 1428+257<br>=1685 | 0 | 1685 |
| 2. | 237/21 പടയണിപ്പാറഎരത്വാപ്പുഴ ഇരുട്ട് തറ റോഡ് മെറ്റലിംഗ് & ടാറിംഗ് -വാർഡ് 8<br>അടങ്കൽ തുക: 440000(CFC Grant)<br>കരാറുകാരൻ : അമ്പിളിധരൻ നായർ ജെ<br>ബിൽ നം./ തീയതി/തുക:<br>20050352013900708018/11-04-20 , 449889/-<br>എം ബുക്ക് 103/18-19<br>കാലയളവ് -4 മാസം<br>ആരംഭിച്ച തീയതി -26.11.18<br>പൂർത്തിയാക്കിയ തീയതി -11.11.19 | 11 | 2618+471=<br>3089 | 0 | 3089 |
| 3 | 238/21 പടയണിപ്പാറ എരത്വാപ്പുഴ റോഡ് മെറ്റലിംഗ് & ടാറിംഗ് -വാർഡ് 8<br>അടങ്കൽ തുക: 450000(CFC Grant)<br>കരാറുകാരൻ : അമ്പിളിധരൻ നായർ ജെ<br>ബിൽനം./തീയതി/തുക: | 11 | 2618+471=<br>3089 | 0 | 3089 |

| | | | | | |
|---|---|---|---|---|---|
| | 19050352013901628275/27-03-20<br>, 449889<br>എം ബുക്ക് 102/18-19<br>കാലയളവ് -4 മാസം<br>ആരംഭിച്ച തീയതി -27.11.18<br>പൂർത്തിയാക്കിയ തീയതി -05.11.19 | | | | |

ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/01.11.2021) ലഭ്യമാക്കിയ മറുപടിയിൽ ടി. തുകകൾ കരാറുകാരനായ ശ്രീ അമ്പിളിധരൻ നായരിൽ നിന്നും 2.11.2011-ൽ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. 121010102974-ാം നമ്പർ രസീത് പ്രകാരം 1686 രൂപയും 121010102975, 121010102975 എന്നീ നമ്പർ രസീതുകൾ പ്രകാരം 3090 രൂപ വീതവും ചേർത്ത് ആകെ 7866 രൂപ കരാറുകാരൻ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയും ജി.എസ്.ടി. ശീർഷകത്തിലാണ് വരവ് വച്ചിട്ടുള്ളത്. ആയത് സാംഖ്യാ സോഫ്റ്റ്‌വെയറിൽ ക്രമപ്പെടുത്തേണ്ടതും 6664 രൂപ സഞ്ചിത നിധിയിലേക്കും 1199 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-34 പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം

പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്. തൻവർഷം 308 പദ്ധതികൾ ആവിഷ്കരിക്കുകയും 249 പ്രവൃത്തികൾ നടപ്പാക്കുകയും ചെയ്തു. 308 പദ്ധതികളിൽ 164 പ്രോജക്ടുകളും സ്പിൽ ഓവറായിരുന്നു. സ്പിൽ ഓവറായ 150 പദ്ധതികൾ തൻ വർഷം നടപ്പാക്കിയിട്ടുണ്ട്. തൻ വർഷം പുതുതായി രൂപീകരിച്ച 144 പ്രോജക്ടുകളിൽ 43 എണ്ണം നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ട്. സ്പിൽ ഓവർ പദ്ധതികളുടെ ബാഹുല്യം മൂലം പുതിയ പ്രോജക്ടുകൾക്ക് ഫണ്ട് ലഭ്യമല്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിന് പദ്ധതികൾ സ്പിൽ ഓവറാകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിലൊഴികെ പദ്ധതികൾ അതത് വർഷങ്ങളിൽ തന്നെ പൂർത്തീകരിച്ച് പ്രതിഫലം നൽകുന്നതിന് പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

2 ലക്ഷം രൂപ വരെ വകയിരുത്തിയ 135 പദ്ധതികളുണ്ടായിരുന്നു. വാർഡ് വിഭജനം എന്ന സങ്കുചിത കാഴ്ചപ്പാടിലൂടെ പ്രോജക്ട് രൂപീകരിക്കുന്നത് മൂലം ശരിയായ വികസനം സാധ്യമാവുന്നില്ല. ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളുമായിരുന്നു. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ നാമമാത്രമായാണ് നടത്തിയിട്ടുള്ളത്. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല. പദ്ധതി ബാഹുല്യം മൂലം പ്രോജക്ടുകളുടെ വളരെയധികം തുടർ നടപടികൾ എഞ്ചിനിയറിംഗ് വിഭാഗത്തിനു ചെയ്യേണ്ടതായി വരുന്നു. ഇത് കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനു വിഘാതമാകുന്നു. 20ൽ താഴെ പ്രവൃത്തികൾ മാത്രമേ റോഡിതര വിഭാഗത്തിൽ നടപ്പാക്കിയിട്ടുള്ളൂ. ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതും ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ ഒഴിവാക്കി കൂടുതൽ അടങ്കലുള്ളതും ശരിയായ വികസനം അടിസ്ഥാനപ്പെടുത്തിയും മെച്ചപ്പെട്ട രീതിയിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഫയലുകൾ പരിശോധിച്ചത് പ്രകാരം കണ്ട അപാകതകൾ

1. എഗ്രിമെന്റ് രജിസ്റ്ററിലും, കരാറിലും കരാർ കാലയളവ് രേഖപ്പെടുത്തുന്നില്ല.
2. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല. പിഴ ഒടുക്കാതെ കരാർ വയ്ക്കുന്നതിനുള്ള അവസാന തീയതി നോട്ടീസിൽ വ്യക്തമാക്കുന്നില്ല.
8. പൂർത്തീകരണ സർട്ടിഫിക്കറ്റ് എല്ലാ ഫയലിലും ലഭ്യമാക്കിയിട്ടില്ല.
9. എസ്.സി.പി. പ്രോജക്ടുകളുടെ കാര്യത്തിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വർക്ക് ഫയലിൽ സൂക്ഷിക്കുന്നില്ല.
10. വർക്ക് ബില്ലിന്റെ ട്രഷറി പകർപ്പ് ചില ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.
11. ചില പ്രോജക്ടുകളിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കണക്കാക്കുമ്പോൾ കളക്ഷൻ ചാർജ്ജ് കൂടി കണക്കാക്കിയിട്ടില്ല.
12. പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിന് കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാർ വയ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികൾ കാലാവധി കഴിഞ്ഞും നടപ്പാക്കുന്നതിന് പൊതുമരാമത്ത് മാനവൽ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

വരും വർഷങ്ങളിൽ ടി ന്യൂനതകൾ പരിഹരിക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 165000 | 335000 |
| | 250000 | ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം(എസ്.സി.പി) | 0 | 250000 |
| | 3000000 | ലൈഫ് ഭവന നിർമ്മാണം(എസ്.സി.പി) | 1200000 | 1800000 |
| | 2500000 | ലൈഫ് ഭവന നിർമ്മാണം(പൊതുവിഭാഗം) | 2400000 | 100000 |
| | 10000 | വിശപ്പ് രഹിത കേരളം | 0 | 10000 |
| | 62000 | പാലിയേറ്റീവ് കെയർ യൂണിറ്റ് | 61204 | 796 |
| | 100000 | അംഗൻവാടി പോഷകാഹാരം | 0 | 100000 |
| | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം | 200000 | 0 |
| | 180000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 180000 | 0 |
| | 25 | അങ്കണവാടി പോഷകാഹാരം | 0 | 25 |
| | 250000 | ബഡ്സ് സ്കൂളിന് ഭൗതിക സാഹചര്യം ഒരുക്കൽ | 250000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ(4/21) | ചെക്ക് നം-10565 തീയതി 26-03-2021 | 192080 | - | 192080 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ(244/21) | ബിൽ നം5 /Dtd 15-05-2020 | 50400 | - | 50400 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(3/21) | ചെക്ക് നം- 9219 തീയതി 09-11-2020 | 193351 | - | 201504 |
| | | ചെക്ക് നം- 10554 തീയതി 23-03-2021 | 8153 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം 1160000 രൂപ വായ്പയിനത്തിൽ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തേ ഉൾപ്പടെ തിരിച്ചടയ്ക്കുവാനുണ്ടായിരുന്ന ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)100/2018 /LSGD/30.07.2018 | 7112980 | 8272980 | 1244588 | 0 | 7028392 |

## 4-5 സ്ഥിര നിക്ഷേപം

| ക്രമനമ്പർ | സ്ഥാപനത്തിന്റേപേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കലഞ്ഞൂർ (എഫ്.ഡി-60/106/06) | 31.12.2019 | 10വർഷം | 5936 | |
| 2 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കലഞ്ഞൂർ (എഫ്.ഡി-60/106/07) | 31.12.2019 | 10വർഷം | 4024 | |
| ആകെ | | | | 9960 | |

തൻവർഷം പലിശയിനത്തിൽ തുക ലഭിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 41849 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| | | 10047 | സുരേന്ദ്ര ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 120010102418 തീയതി 08.10.2020 |
| | | 31802 | സുരേന്ദ്ര ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 120010102419 തീയതി 08.10.2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-1,2-2 | 2017 | - | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-2 | 2017 | - | വാർഷിക ധനകാര്യ പത്രിക | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 148310015 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 122870207 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 119200 |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1.23 | 119200 | ശ്രീ.സജീഷ് സി.എസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഇനം | ജി.എസ്.ടി തുക | അടവാക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| ലേലം | 217773 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 3/851/2000 തീയതി 05-11-2001 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി2/173/2003 തീയതി 31-05-2003 | |
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ-പി2/442/2004 തീയതി 06-10-2004 | 7 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി.2/537/2005 തീയതി 15-10-2005 | 3 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി.10/1139/2007 തീയതി 31-01-2009 | 4 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി10/1141/2007 തീയതി 28-02-2009 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/1138/2007 തീയതി 29-09-2008 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി10/72/2010. തീയതി 04-05-2010 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി9/836/2011. തീയതി 06.12.2011 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/873/2011 തീയതി 30-12-2011 | 11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി10/1108/2012 തീയതി 06-04-2013 | 6 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി.10/667/2014 തീയതി 11-12-2014 | 5 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-10-719/2015 തീയതി 06.08.2015 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-10-1384/2016 തീയതി 04.01.2016 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-10-825/2017 തീയതി 28.07.2017 | 24 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി10/1143/2018, തീയതി 10.08.2018 | 60 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി10/624/2019 തീയതി 24.07.19 | |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി10-754/2021 തീയതി 20.12.2021. | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്